149

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007

(2007-ലെ 56-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE MAINTENANCE AND WELFARE OF PARENTS AND SENIOR CITIZENS ACT, 2007

**(ACT No. 56 OF 2007)**

(As on 15th February, 2013)

വില: 36 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2013.

# ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007 (2007-ലെ 56-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 5-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, I-ാം വാല്യം, 5-ാം നമ്പരായി 1 മുതൽ 14 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**പി. കെ. മൽഹോത്ര,**

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This edition of the Maintenance and Welfare of Parents and Senior Citizens Act, 2007 (Act No. 56 of 2007) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 5 dated 5th April, 2013 on pages 1 to 14.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,

*Secretary to the Government of India.*

3/2486/2013/DTP.

# മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007

(2007-ലെ 56-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

*വകുപ്പുകൾ* *പേജ്*

അദ്ധ്യായം I

**പ്രാരംഭികം**


1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും പ്രാരംഭവും .. 1
2. നിർവ്വചനങ്ങൾ .. 1
3. ആക്റ്റിന് അധിക പ്രഭാവമുണ്ടായിരിക്കുമെന്ന് .. 2

അദ്ധ്യായം II

**മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം**

4. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം .. 2
5. സംരക്ഷണത്തിനായുള്ള അപേക്ഷ .. 3
6. അധികാരിതയും നടപടിക്രമവും .. 4
7. മെയിന്റനൻസ് ട്രിബ്യൂണലിന്റെ രൂപീകരണം .. 5
8. അന്വേഷണ വിചാരണയുടെ സംഗതിയിൽ സമ്മറി നടപടിക്രമം .. 6
9. സംരക്ഷണത്തിനുള്ള ഉത്തരവ് .. 6
10. ബത്തയിൽ വ്യതിയാനം വരുത്തൽ .. 6
11. സംരക്ഷണ ഉത്തരവ് നടപ്പാക്കൽ .. 7
12. ചില കേസുകളിൽ സംരക്ഷണം സംബന്ധിച്ച് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം .. 7
13. സംരക്ഷണതുക നിക്ഷേപിക്കൽ .. 7
14. ഏതെങ്കിലും അവകാശവാദം അനുവദിച്ചിട്ടുള്ളിടത്ത് പലിശ നൽകൽ .. 7
15. അപ്പലേറ്റ് ട്രിബ്യൂണലിന്റെ രൂപീകരണം .. 8
16. അപ്പീലുകൾ .. 8
17. നിയമപരമായി പ്രതിനിധാനം ചെയ്യുന്നതിനുള്ള അവകാശം .. 9
18. മെയിന്റനൻസ് ആഫീസർ .. 9

അദ്ധ്യായം III

**വാർദ്ധക്യകാല ഗൃഹങ്ങൾ സ്ഥാപിക്കൽ**

19. വാർദ്ധക്യകാല ഗൃഹങ്ങൾ സ്ഥാപിക്കൽ .. 9

അദ്ധ്യായം IV

**മുതിർന്ന പൗരന്മാരുടെ വൈദ്യപരിരക്ഷയ്ക്കുള്ള വ്യവസ്ഥകൾ**

20. മുതിർന്ന പൗരനുള്ള വൈദ്യസഹായം .. 9

അദ്ധ്യായം V

**മുതിർന്ന പൗരന്റെ ജീവനും സ്വത്തിനുമുള്ള സംരക്ഷണം**

21. മുതിർന്ന പൗരന്റെ ക്ഷേമത്തിനായുള്ള പ്രചരണം, ബോധവൽക്കരണം മുതലായവയ്ക്കുവേണ്ടിയുള്ള നടപടികൾ .. 10

22. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിലേക്കായി വിനിർദ്ദേശിക്കാവുന്ന അധികാരസ്ഥാനങ്ങൾ .. 10

23. ചില സാഹചര്യങ്ങളിൽ വസ്തു കൈമാറ്റം അസാധുവായിത്തീരുമെന്ന് .. 11

അദ്ധ്യായം VI

**കുറ്റങ്ങളും വിചാരണയ്ക്കുള്ള നടപടിക്രമവും**

24. മുതിർന്ന പൗരനെ അരക്ഷിതാവസ്ഥയിലാക്കലും ഉപേക്ഷിക്കലും .. 11

25. കുറ്റങ്ങൾ നടപടിക്ക് എടുക്കൽ .. 11

അദ്ധ്യായം VII

**പലവക**

26. ഉദ്യോഗസ്ഥർ പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന് .. 12

27. സിവിൽകോടതിയുടെ അധികാരിത വിലക്കപ്പെട്ടിരിക്കുന്നു .. 12

28. ഉത്തമ വിശ്വാസത്തോടുകൂടി എടുത്ത നടപടിക്കുള്ള സംരക്ഷണം .. 12

29. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം .. 12

30. നിർദ്ദേശങ്ങൾ നൽകുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം .. 12

31. പുനരവലോകനം ചെയ്യുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം .. 12

32. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം .. 13

# മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007

## (2007-ലെ 56-ാം നമ്പർ ആക്റ്റ്)

ഭരണഘടന പ്രകാരം ഉറപ്പാക്കിയിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുംവേണ്ടി കൂടുതൽ ഫലപ്രദമായ വ്യവസ്ഥകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

അദ്ധ്യായം I

**പ്രാരംഭികം**

1. (1) ഈ ആക്റ്റിന് മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007 എന്ന് പേര് പറയാവുന്നതാണ്. *ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും പ്രാരംഭവും.*

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതും ഇത് ഭാരതത്തിന് പുറത്തുള്ള ഭാരത പൗരൻമാർക്കുകൂടി ബാധകമാകുന്നതുമാണ്.

(3) ഇത് സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ ഒരു സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്നതാണ്.

2. (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,— *നിർവ്വചനങ്ങൾ.*

(ക) "കുട്ടികൾ" എന്നതിൽ മകനും മകളും പൗത്രനും പൗത്രിയും ഉൾപ്പെടുന്നതും എന്നാൽ ഒരു മൈനർ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

(ഖ) "സംരക്ഷണം" എന്നതിൽ ആഹാരത്തിനും വസ്ത്രത്തിനും വസതിയ്ക്കും വൈദ്യശുശ്രൂഷയ്ക്കും ചികിൽസയ്ക്കും വേണ്ടിയുള്ള ഏർപ്പാട് ഉൾപ്പെടുന്നതാകുന്നു ;

(ഗ) "മൈനർ" എന്നാൽ ഇൻഡ്യൻ മെജോറിറ്റി ആക്റ്റ്, 1875-ലെ വ്യവസ്ഥകൾ പ്രകാരം പ്രായപൂർത്തിക്കുള്ള വയസ്സ് എത്തിയിട്ടില്ലായെന്ന് കരുതപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നു ; *1875-ലെ 9*

(ഘ) "മാതാവോ പിതാവോ" എന്നാൽ ജീവശാസ്ത്രപരമോ ദത്തുപരമോ ആയ പിതാവോ മാതാവോ അല്ലെങ്കിൽ, അതതു സംഗതിപോലെ, രണ്ടാനച്ഛനോ രണ്ടാനമ്മയോ പിതാവോ മാതാവോ ഒരു മുതിർന്ന പൗരനാണെങ്കിലും അല്ലെങ്കിലും, എന്നർത്ഥമാകുന്നു ;

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം സംസ്ഥാനസർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ച) "വസ്തു" എന്നാൽ ജംഗമമോ സ്ഥാവരമോ പൂർവ്വികമോ സ്വയാർജ്ജിതമോ മൂർത്തമായതോ അമൂർത്തമായതോ ആയ ഏതെങ്കിലും തരത്തിലുള്ള വസ്തു എന്നർത്ഥമാകുന്നതും അങ്ങനെയുള്ള വസ്തുവിലുള്ള അവകാശങ്ങളോ അവകാശബന്ധങ്ങളോ ഉൾപ്പെടുന്നതുമാകുന്നു ;

(ഛ) "ബന്ധു" എന്നാൽ സന്താനമില്ലാത്ത ഒരു മുതിർന്ന പൗരന്റെ മൈനറല്ലാത്തതും അയാളുടെ വസ്തു കൈവശമുള്ളതോ അയാളുടെ മരണശേഷം അയാളുടെ വസ്തുവിന് പിൻതുടർച്ചാവകാശമുള്ളതോ ആയ ഏതെങ്കിലും നിയമാനുസൃത അനന്തരാവകാശി എന്നർത്ഥമാകുന്നു ;

(ജ) "മുതിർന്ന പൗരൻ" എന്നാൽ അറുപത് വയസ്സു തികഞ്ഞതോ അതിന് മുകളിൽ പ്രായമുള്ളതോ ആയ ഒരു ഭാരതപൗരനായ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു ;

(ഝ) ഒരു കേന്ദ്രഭരണപ്രദേശത്തെ സംബന്ധിച്ച് "സംസ്ഥാന സർക്കാർ" എന്നാൽ ഭരണഘടനയുടെ 239-ാം അനുച്ഛേദപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള അതിന്റെ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു ;

(ഞ) "ട്രിബ്യൂണൽ" എന്നാൽ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മെയിന്റനൻസ് ട്രിബ്യൂണൽ എന്നർത്ഥമാകുന്നു ;

(ട) "ക്ഷേമം" എന്നാൽ മുതിർന്ന പൗരൻമാർക്ക് ആവശ്യമായ ആഹാരം, ആരോഗ്യപരിരക്ഷ, വിനോദ-വിശ്രമ കേന്ദ്രങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കുവേണ്ട ഏർപ്പാട് എന്നർത്ഥമാകുന്നു ;

*ആക്റ്റിന് അധിക പ്രഭാവമുണ്ടായിരിക്കുമെന്ന്.*

3. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും അധിനിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും അധിനിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും കരണത്തിലോ അവയ്ക്ക് അസംഗതമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണം

*മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണം.*

4. (1) സ്വന്തം സമ്പാദ്യത്തിൽനിന്നോ അയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽനിന്നോ സ്വയം സംരക്ഷിക്കാൻ കഴിയാത്ത മാതാവോ പിതാവോ ഉൾപ്പെടെയുള്ള ഒരു മുതിർന്ന പൗരന്, 5-ാം വകുപ്പ് പ്രകാരം—

(i) മാതാവിന്റെയോ പിതാവിന്റെയോ മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ സംഗതിയിൽ അയാളുടെ മൈനറല്ലാത്ത ഒന്നോ അതിലധികമോ കുട്ടികൾക്കെതിരെയും ;

(ii) സന്താനമില്ലാത്ത ഒരു മുതിർന്ന പൗരന്റെ സംഗതിയിൽ, 2-ാം വകുപ്പ് (ഛ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അയാളുടെ അങ്ങനെയുള്ള ബന്ധുവിനെതിരെയും,

അപേക്ഷ കൊടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഒരു മുതിർന്ന പൗരനെ സംരക്ഷിക്കുവാനുള്ള കുട്ടികളുടെയോ അതതുസംഗതിപോലെ, ബന്ധുവിന്റെയോ ബാദ്ധ്യത, മുതിർന്ന പൗരന് ഒരു സാധാരണ ജീവിതം നയിക്കാവുന്നവിധം അങ്ങനെയുള്ള പൗരന്റെ ആവശ്യങ്ങളിലേക്ക് ദീർഘിക്കുന്നതാണ്.

(3) അവന്റെയോ അവളുടെയോ മാതാവിനെയോ പിതാവിനെയോ സംരക്ഷിക്കുന്നതിനുള്ള കുട്ടികളുടെ ബാദ്ധ്യത, അതതു സംഗതിപോലെ, അങ്ങനെയുള്ള മാതാവിനോ പിതാവിനോ ഒരു സാധാരണ ജീവിതം നയിക്കാവുന്നവിധം അങ്ങനെയുള്ള മാതാപിതാക്കളിൽ പിതാവിനോ മാതാവിനോ അല്ലെങ്കിൽ രണ്ടുപേർക്കും കൂടിയോ ഉള്ള ആവശ്യങ്ങളിലേക്ക് ദീർഘിക്കുന്നതാണ്.

(4) ഒരു മുതിർന്ന പൗരന്റെ ഒരു ബന്ധുവും മതിയായ ധനാഗമ മാർഗ്ഗങ്ങളുള്ളതുമായ ഏതെങ്കിലും ആൾ, അങ്ങനെയുള്ള മുതിർന്ന പൗരന്റെ വസ്തു അയാൾ കൈവശം വച്ചിരിക്കുകയോ, അങ്ങനെയുള്ള മുതിർന്ന പൗരന്റെ വസ്തുവിൽ അയാൾക്ക് അനന്തരാവകാശം ഉണ്ടായിരിക്കുകയോ ചെയ്യുന്നപക്ഷം, അങ്ങനെയുള്ള മുതിർന്ന പൗരനെ സംരക്ഷിക്കേണ്ടതാണ്:

എന്നാൽ ഒരു മുതിർന്ന പൗരന്റെ വസ്തുവിൽ ഒന്നിൽക്കൂടുതൽ ബന്ധുക്കൾക്ക് അനന്തരാവകാശത്തിന് അർഹതയുള്ളിടത്ത്, അദ്ദേഹത്തിന്റെ വസ്തുവിൽ അവർക്ക് ലഭിക്കുന്ന അനന്തരാവകാശത്തിന് ആനുപാതികമായി അങ്ങനെയുള്ള ബന്ധു സംരക്ഷണത്തിനുള്ള ചെലവ് നൽകേണ്ടതാണ്.

*സംരക്ഷണത്തിനായുള്ള അപേക്ഷ.*

5. (1) 4-ാം വകുപ്പ് പ്രകാരം സംരക്ഷണത്തിനായുള്ള ഒരു അപേക്ഷ—

(ക) ഒരു മുതിർന്ന പൗരനാലോ ഒരു മാതാവിനാലോ പിതാവിനാലോ, അതതു സംഗതിപോലെ; അല്ലെങ്കിൽ

(ഖ) അദ്ദേഹത്തിന് പ്രാപ്തിയില്ലെങ്കിൽ, അദ്ദേഹത്താൽ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളിനാലോ സംഘടനയാലോ, നൽകാവുന്നതും; അല്ലെങ്കിൽ

(ഗ) ട്രിബ്യൂണലിന് സ്വമേധയാ നടപടിക്കെടുക്കാവുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങളിലേക്ക് "സംഘടന" എന്നാൽ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 പ്രകാരമോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സന്നദ്ധസംഘടന എന്നർത്ഥമാകുന്നു. *1860-ലെ 21*

(2) ട്രിബ്യൂണലിന്, ഈ വകുപ്പ് പ്രകാരം സംരക്ഷണത്തിനായുള്ള പ്രതിമാസബത്തയെ സംബന്ധിച്ച നടപടികൾ നിലവിലിരിക്കെ, അങ്ങനെയുള്ള കുട്ടികളോടോ ബന്ധുവിനോടോ മാതാവോ പിതാവോ ഉൾപ്പെടെയുള്ള അങ്ങനെയുള്ള മുതിർന്ന പൗരന് ഇടക്കാല സംരക്ഷണത്തിന് വേണ്ടി ഒരു പ്രതിമാസബത്ത കൊടുക്കുന്നതിനും അത് ട്രിബ്യൂണൽ കാലാകാലങ്ങളിൽ നിർദ്ദേശിക്കാവുന്ന പ്രകാരം മാതാവോ പിതാവോ ഉൾപ്പെടെ അങ്ങനെയുള്ള മുതിർന്ന പൗരന് നൽകുന്നതിനും ഉത്തരവാകാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സംരക്ഷണത്തിനായുള്ള ഒരു അപേക്ഷ ലഭിച്ചതിന്മേൽ കുട്ടികൾക്കോ അല്ലെങ്കിൽ ബന്ധുവിനോ അപേക്ഷ സംബന്ധിച്ച നോട്ടീസ് നൽകിയശേഷവും കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിന് ശേഷവും സംരക്ഷണത്തുക തീരുമാനിക്കുന്നതിനായി ഒരു അന്വേഷണവിചാരണ നടത്താവുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം സംരക്ഷണത്തിനായുള്ള പ്രതിമാസബത്തയ്ക്കും നടപടി ചെലവുകൾക്കുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷ അങ്ങനെയുള്ള ആളിന് അപേക്ഷ സംബന്ധിച്ച നോട്ടീസ് നൽകിയ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്:

എന്നാൽ പ്രത്യേകമായ സാഹചര്യങ്ങളിൽ ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങളിൻമേൽ ട്രിബ്യൂണലിന് മേൽപ്പറഞ്ഞ കാലയളവ് ഒരു പ്രാവശ്യം പരമാവധി മുപ്പത് ദിവസക്കാലയളവിലേക്ക് നീട്ടാവുന്നതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം സംരക്ഷണത്തിനായുള്ള ഒരു അപേക്ഷ ഒന്നോ അതിലധികമോ ആളുകൾക്കെതിരെ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള കുട്ടികൾക്കോ ബന്ധുവിനോ, മാതാവിനെയോ പിതാവിനെയോ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായ മറ്റ് ആളെ സംരക്ഷണത്തിനായുള്ള അപേക്ഷയിൽ കക്ഷി ചേർക്കാവുന്നതാണ്.

(6) ഒന്നിൽക്കൂടുതൽ ആളുകൾക്കെതിരെ ഒരു സംരക്ഷണ ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത് അവരിൽ ഒരാളുടെ മരണം സംരക്ഷണച്ചെലവ് തുടർന്ന് നൽകുന്നതിനുള്ള മറ്റുള്ളവരുടെ ബാദ്ധ്യതയെ ബാധിക്കുന്നതല്ല.

(7) സംരക്ഷണത്തിനോ നടപടിചെലവുകൾക്കോ വേണ്ടിയുള്ള അങ്ങനെയുള്ള ഏതെങ്കിലും ബത്ത, ഉത്തരവിന്റെ തീയതി മുതലോ അപ്രകാരം ഉത്തരവായിട്ടുണ്ടെങ്കിൽ, സംരക്ഷണത്തിനോ നടപടിചെലവുകൾക്കോ വേണ്ടിയുള്ള അപേക്ഷയുടെ തീയതി മുതലോ, അതതു സംഗതിപോലെ, നൽകേണ്ടതാണ്.

(8) അപ്രകാരം ഉത്തരവ് നൽകപ്പെട്ട കുട്ടികളോ ബന്ധുവോ മതിയായ കാരണം കൂടാതെ ഉത്തരവ് അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ട്രിബ്യൂണലിന്, ഉത്തരവിന്റെ ഓരോ ലംഘനത്തിനും പിഴകൾ ഈടാക്കുന്നതിന് വേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കൊടുക്കാനുള്ള തുക ഈടാക്കുന്നതിനായി ഒരു വാറന്റ് പുറപ്പെടുവിക്കാവുന്നതും സംരക്ഷണത്തിനും നടപടി ചെലവുകൾക്കുമുള്ള ഓരോ മാസത്തെ ബത്തയുടെയും വാറന്റ് നടപ്പാക്കിയ ശേഷം കൊടുക്കാതെ അവശേഷിക്കുന്ന മൊത്തമോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി, അതതുസംഗതിപോലെ, അങ്ങനെയുള്ള ആളെ ഒരു മാസത്തോളമാകുന്ന കാലത്തേക്കോ അല്ലെങ്കിൽ ഉടനെ പണം കൊടുക്കുകയാണെങ്കിൽ, കൊടുക്കുന്നതുവരെയോ, അവയിൽ ഏതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ, തടവുശിക്ഷയ്ക്ക് വിധിക്കാവുന്നതാണ്:

എന്നാൽ, ഈ വകുപ്പു പ്രകാരം കിട്ടുവാനുള്ള ഏതെങ്കിലും തുക, അത് കിട്ടുവാനുള്ളതായിത്തീരുന്ന തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള തുക ഈടാക്കാൻ ട്രിബ്യൂണലിന് അപേക്ഷ കൊടുക്കാത്തപക്ഷം, വസൂലാക്കുന്നതിനുവേണ്ടി യാതൊരു വാറന്റും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

*അധികാരിതയും നടപടിക്രമവും.*

6. (1) ഏതെങ്കിലും കുട്ടികൾക്കോ ബന്ധുവിനോ എതിരായി 5-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ—

(ക) അയാൾ താമസിക്കുന്നതോ അല്ലെങ്കിൽ അവസാനമായി താമസിച്ചിരുന്നതോ; അല്ലെങ്കിൽ

(ഖ) കുട്ടികളോ ബന്ധുവോ താമസിക്കുന്നതോ, ആയ ഏതെങ്കിലും ജില്ലയിൽ എടുക്കാവുന്നതാണ്.

(2) 5-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷ ലഭിച്ചതിന്മേൽ കുട്ടികളോ ബന്ധുവോ ആർക്ക് എതിരായാണോ അപേക്ഷ ഫയൽ ചെയ്തിട്ടുള്ളത്, അവരുടെ സാന്നിദ്ധ്യം ലഭ്യമാക്കുന്നതിന് വേണ്ടി ട്രിബ്യൂണൽ പ്രോസസ്സ് നൽകേണ്ടതാണ്.

*1974-ലെ 2*

(3) കുട്ടികളുടെയോ ബന്ധുവിന്റെയോ ഹാജരാകൽ ഉറപ്പ് വരുത്തുന്നതിനായി ട്രിബ്യൂണലിന് ക്രിമിനൽ നടപടി നിയമസംഹിത, 1973-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) സംരക്ഷണച്ചെലവ് കൊടുക്കുന്നതിനുള്ള ഒരു ഉത്തരവ് ആർക്കെതിരെയാണോ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നത് ആ കുട്ടികളുടെയോ ബന്ധുവിന്റെയോ സാന്നിദ്ധ്യത്തിൽ അങ്ങനെയുള്ള നടപടികൾക്കുള്ള എല്ലാ തെളിവുകളും എടുക്കേണ്ടതും സമൻസ് കേസുകൾക്ക് വേണ്ടി നിർണ്ണയിച്ചിട്ടുള്ള രീതിയിൽ രേഖപ്പെടുത്തേണ്ടതുമാണ്:

എന്നാൽ സംരക്ഷണച്ചെലവ് കൊടുക്കുന്നതിനുള്ള ഉത്തരവ് ആർക്കെതിരെയാണോ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നത് ആ കുട്ടികളോ ബന്ധുവോ സർവ്വീസ് നടത്തലിൽനിന്ന് മനഃപൂർവ്വം ഒഴിവാകുകയാണെന്നോ ട്രിബ്യൂണലിൽ ഹാജരാകുന്നതിന് മനഃപൂർവ്വം ഉപേക്ഷവരുത്തുകയാണെന്നോ ട്രിബ്യൂണലിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ട്രിബ്യൂണലിന് കേസ് വാദം കേൾക്കുന്നത് തുടരാവുന്നതും എക്സ്പാർട്ടിയായി തീരുമാനിക്കാവുന്നതുമാണ്.

(5) കുട്ടികളോ ബന്ധുവോ ഭാരതത്തിന് പുറത്ത് താമസിക്കുന്നിടത്ത്, കേന്ദ്രസർക്കാർ ഔദ്യോഗികഗസറ്റിൽ വിജ്ഞാപനം വഴി ഇതിലേക്കായി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള അധികാരസ്ഥാനം മുഖേന ട്രിബ്യൂണൽ സമൻസ് നടത്തേണ്ടതാണ്.

(6) ട്രിബ്യൂണലിന് 5-ാം വകുപ്പ് പ്രകാരം ഒരു അപേക്ഷ വാദം കേൾക്കുന്നതിനുമുമ്പ് അത് ഒരു അനുരഞ്ജന ഉദ്യോഗസ്ഥന് റഫർ ചെയ്യാവുന്നതും അങ്ങനെയുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും സൗഹാർദ്ദപൂർവ്വമായ ഒത്തുതീർപ്പിൽ എത്തിച്ചേരുകയാണെങ്കിൽ ആ ഫലത്തിലുള്ള ഒരു ഉത്തരവ് ട്രിബ്യൂണൽ പാസ്സാക്കേണ്ടതുമാണ്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "അനുരഞ്ജന ഉദ്യോഗസ്ഥൻ" എന്നാൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആളോ ഒരു സംഘടനയുടെ പ്രതിനിധിയോ, അല്ലെങ്കിൽ 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാനസർക്കാരിനാൽ പദവിനിർദ്ദേശം ചെയ്തിട്ടുള്ള മെയിന്റനൻസ് ആഫീസർമാർ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി ട്രിബ്യൂണലിനാൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള മറ്റേതെങ്കിലും ആൾ എന്നർത്ഥമാകുന്നു.

*മെയിന്റനൻസ് ട്രിബ്യൂണലിന്റെ രൂപീകരണം.*

7. (1) സംസ്ഥാനസർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ആറുമാസകാലയളവിനുള്ളിൽ, ഔദ്യോഗികഗസറ്റിൽ വിജ്ഞാപനം വഴി, 5-ാം വകുപ്പ് പ്രകാരം സംരക്ഷണത്തിനുള്ള ഉത്തരവുകൾക്കായി ന്യായനിർണ്ണയം ചെയ്യുന്നതിനും തീരുമാനം എടുക്കുന്നതിനുമുള്ള ആവശ്യത്തിലേക്കായി ഓരോ സബ്ഡിവിഷനിലേക്കും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ഒന്നോ അതിലധികമോ ട്രിബ്യൂണലുകൾ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ സബ്-ഡിവിഷണൽ ആഫീസറുടെ റാങ്കിനു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ട്രിബ്യൂണലിന്റെ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) ഏതെങ്കിലും പ്രദേശത്തേക്കുവേണ്ടി രണ്ടോ അതിലധികമോ ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുള്ളിടത്ത്, സംസ്ഥാനസർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകൾ മുഖേന അവർക്കിടയിലുള്ള പ്രവൃത്തി വീതിയ്ക്കൽ ക്രമീകരിക്കാവുന്നതാണ്.

അന്വേഷണ വിചാരണയുടെ സംഗതിയിൽ സമ്മറി നടപടിക്രമം.

8. (1) 5-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും അന്വേഷണ വിചാരണ നടത്തുമ്പോൾ, ട്രിബ്യൂണലിന്, സംസ്ഥാന സർക്കാരിനാൽ, ഇതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സമ്മറി നടപടിക്രമം പാലിക്കാവുന്നതാണ്.

(2) ശപഥത്തിൻമേൽ തെളിവെടുക്കുന്നതിനും സാക്ഷികളെ ഹാജരാക്കുന്നതിനും രേഖകളുടെയും ലക്ഷ്യവസ്തുക്കളുടെയും കണ്ടെത്തലും ഹാജരാക്കലും നിർബന്ധിക്കുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും ക്രിമിനൽ നടപടി നിയമസംഹിത, 1973-ന്റെ 195-ാം വകുപ്പും XXVI-ാം അദ്ധ്യായവും പ്രകാരമുള്ള എല്ലാ ആവശ്യങ്ങൾക്കും ട്രിബ്യൂണലിനെ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാകുന്നു.

1974-ലെ 2

(3) ഇതിലേക്കായി ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടത്തിന് വിധേയമായി, ട്രിബ്യൂണലിന്, സംരക്ഷണത്തിന് വേണ്ടിയുള്ള ഏതെങ്കിലും അവകാശവാദത്തിന്മേൽ ന്യായനിർണ്ണയം ചെയ്യുകയും തീരുമാനം എടുക്കുകയും ചെയ്യുന്ന ആവശ്യത്തിലേക്കായി, അന്വേഷണ വിചാരണയ്ക്ക് പ്രസക്തമായ ഏതെങ്കിലും വിഷയത്തിൽ പ്രത്യേക വിജ്ഞാനമുള്ള ഒന്നോ അതിലധികമോ ആളുകളെ അന്വേഷണ വിചാരണ നടത്തുന്നതിൽ അതിനെ സഹായിക്കുവാനായി തെരഞ്ഞെടുക്കാവുന്നതാണ്.

സംരക്ഷണത്തിനുള്ള ഉത്തരവ്.

9. (1) കുട്ടികളോ ബന്ധുക്കളോ, അതതു സംഗതിപോലെ, സ്വയം സംരക്ഷിക്കുവാൻ കഴിയാത്ത ഒരു മുതിർന്ന പൗരനെ സംരക്ഷിക്കുന്നതിൽ ഉപേക്ഷകാണിക്കുകയോ വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ, ട്രിബ്യൂണലിന് അങ്ങനെയുള്ള ഉപേക്ഷയോ വിസമ്മതമോ ബോദ്ധ്യപ്പെടുന്നതിന്മേൽ, യുക്തമെന്ന് കരുതാവുന്നപ്രകാരം അങ്ങനെയുള്ള മുതിർന്ന പൗരന്റെ സംരക്ഷണത്തിനായി ട്രിബ്യൂണലിന് അങ്ങനെയുള്ള പ്രതിമാസ നിരക്കിൽ ഒരു പ്രതിമാസബത്ത അങ്ങനെയുള്ള കുട്ടികളോ ബന്ധുക്കളോ നൽകുന്നതിനും ട്രിബ്യൂണൽ കാലാകാലങ്ങളിൽ നിർദ്ദേശിക്കാവുന്ന പ്രകാരം അത് അങ്ങനെയുള്ള മുതിർന്ന പൗരന് കൊടുക്കുവാനും ഉത്തരവിടാവുന്നതാണ്.

(2) അങ്ങനെയുള്ള ട്രിബ്യൂണലിനാൽ ഉത്തരവാകുന്ന പരമാവധി സംരക്ഷണബത്ത സംസ്ഥാനസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതും അത് പ്രതിമാസം പതിനായിരം രൂപയിൽ കവിയാൻ പാടില്ലാത്തതുമാണ്.

ബത്തയിൽ വ്യതിയാനം വരുത്തൽ.

10. (1) തെറ്റിദ്ധരിപ്പിക്കലോ വസ്തുതാപരമായ പിശകോ 9-ാം വകുപ്പ് പ്രകാരം സംരക്ഷണത്തിനായി ഒരു പ്രതിമാസബത്ത കൊടുക്കുവാൻ ഉത്തരവായിട്ടുള്ളതും ആ വകുപ്പ് പ്രകാരം ഒരു പ്രതിമാസബത്ത സ്വീകരിക്കുന്നതുമായ ഏതെങ്കിലും ആളുടെ സാഹചര്യങ്ങളിലെ ഒരു മാറ്റമോ തെളിയുന്നതിൻമേൽ, ട്രിബ്യൂണലിന്, അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരം സംരക്ഷണത്തിനായുള്ള ബത്തയിൽ അങ്ങനെയുള്ള വ്യതിയാനം വരുത്താവുന്നതാണ്.

(2) ട്രിബ്യൂണലിന്, ക്ഷമതയുള്ള ഒരു സിവിൽ കോടതിയുടെ ഏതെങ്കിലും തീരുമാനത്തിന്റെ അനന്തരഫലമായി 9-ാം വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ഉത്തരവ് റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന് തോന്നുന്നിടത്ത്, അതതുസംഗതിപോലെ, അത് ആ ഉത്തരവ് തദനുസരണം റദ്ദ് ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

11. (1) സംരക്ഷണ ഉത്തരവിന്റെ ഒരു പകർപ്പ് നടപടിചെലവ് സംബന്ധിച്ച ഉത്തരവ് ഉൾപ്പെടെ, അതതുസംഗതിപോലെ, മുതിർന്ന പൗരനോ അല്ലെങ്കിൽ മാതാവിനോ പിതാവിനോ, അതതുസംഗതിപോലെ, ആർക്കനുകൂലമായിട്ടാണോ അത് ഉണ്ടാക്കിയിട്ടുള്ളത്, അവർക്ക് യാതൊരു ഫീസും നൽകാതെ കൊടുക്കേണ്ടതും കക്ഷികളുടെ അനന്യതയും, കിട്ടാനുള്ള ബത്തയുടെയോ, അതതുസംഗതിപോലെ, ചെലവുകളുടെയോ നൽകാതിരിക്കലും അങ്ങനെയുള്ള ട്രിബ്യൂണലിന് ബോദ്ധ്യപ്പെടുന്നതിൻമേൽ, ആർക്ക് എതിരെയാണോ അങ്ങനെയുള്ള ഉത്തരവ് ഉണ്ടാക്കിയിട്ടുള്ളത്, അയാൾ ഉള്ള ഏതെങ്കിലും സ്ഥലത്തെ ഏതെങ്കിലും ട്രിബ്യൂണലിനാൽ അത് നടപ്പാക്കേണ്ടതുമാണ്. *സംരക്ഷണ ഉത്തരവ് നടപ്പാക്കൽ.*

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഒരു സംരക്ഷണ ഉത്തരവിന് ക്രിമിനൽ നടപടി നിയമസംഹിത, 1973-ന്റെ IX-ാം അദ്ധ്യായത്തിൻ കീഴിൽ പാസ്സാക്കിയിട്ടുള്ള ഒരു ഉത്തരവിന്റെ അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും ആ നിയമസംഹിതയിൽ അങ്ങനെയുള്ള ഉത്തരവ് നടപ്പാക്കുന്നതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ നടപ്പാക്കേണ്ടതുമാണ്. *1974-ലെ 2*

12. ക്രിമിനൽനടപടിനിയമസംഹിത, 1973-ന്റെ IX-ാം അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു മുതിർന്ന പൗരനോ അല്ലെങ്കിൽ മാതാവിനോ പിതാവിനോ മേൽപറഞ്ഞ അദ്ധ്യായപ്രകാരം സംരക്ഷണത്തിന് അവകാശമുണ്ടായിരിക്കുകയും കൂടാതെ ഈ ആക്റ്റ് പ്രകാരവും സംരക്ഷണത്തിന് അവകാശമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, മേൽപറഞ്ഞ നിയമസംഹിതയുടെ IX-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് ദോഷകരമാകാത്തരീതിയിൽ അങ്ങനെയുള്ള സംരക്ഷണത്തിന് ആ ആക്റ്റുകളിൽ ഏതെങ്കിലും ഒന്നുപ്രകാരം അവകാശവാദം ഉന്നയിക്കാവുന്നതും എന്നാൽ രണ്ടിന്റെ കീഴിലും ഉന്നയിക്കാവുന്നതുമല്ല. *ചില കേസുകളിൽ സംരക്ഷണം സംബന്ധിച്ച് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം.* *1974-ലെ 2*

13. ഈ അദ്ധ്യായപ്രകാരം ഒരു ഉത്തരവ് ഉണ്ടാക്കിയിട്ടുള്ളപ്പോൾ അങ്ങനെയുള്ള ഉത്തരവിൻപ്രകാരം ഏതെങ്കിലും തുക നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള കുട്ടികളോ ബന്ധുവോ ട്രിബ്യൂണലിനാൽ ഉത്തരവ് പ്രസ്താവിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ ഉത്തരവായ മുഴുവൻ തുകയും ട്രിബ്യൂണൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ നിക്ഷേപിക്കേണ്ടതാണ്. *സംരക്ഷണ തുക നിക്ഷേപിക്കൽ.*

14. ഈ ആക്റ്റ് പ്രകാരമുള്ള സംരക്ഷണ ഉത്തരവ് ഏതെങ്കിലും ട്രിബ്യൂണൽ ഉണ്ടാക്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള ട്രിബ്യൂണലിന് സംരക്ഷണ തുക കൂടാതെ അഞ്ച് ശതമാനത്തിൽ കുറയാത്തതും പതിനെട്ട് ശതമാനത്തിൽ കൂടാത്തതുമായ അങ്ങനെയുള്ള നിരക്കിലും ട്രിബ്യൂണലിനാൽ നിശ്ചയിക്കാവുന്ന, അപേക്ഷ കൊടുത്ത തീയതിക്ക് മുമ്പല്ലാത്ത, അങ്ങനെയുള്ള തീയതി മുതൽക്കും ലഘുപലിശ കൂടി കൊടുക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്: *ഏതെങ്കിലും അവകാശവാദം അനുവദിച്ചിട്ടുള്ളിടത്ത് പലിശ നൽകൽ.*

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുമ്പോൾ ക്രിമിനൽ നടപടി നിയമസംഹിത, 1973-ന്റെ IX-ാം അദ്ധ്യായപ്രകാരം സംരക്ഷണത്തിനായുള്ള ഏതെങ്കിലും അപേക്ഷ ഒരു കോടതി മുമ്പാകെ നിലവിലിരിക്കുന്നിടത്ത് മാതാവിന്റെയോ പിതാവിന്റെയോ അഭ്യർത്ഥനയിന്മേൽ അങ്ങനെയുള്ള അപേക്ഷ പിൻവലിക്കുവാൻ കോടതി അനുവദിക്കേണ്ടതും അങ്ങനെയുള്ള മാതാവിനോ പിതാവിനോ ട്രിബ്യൂണൽ മുമ്പാകെ സംരക്ഷണത്തിനായുള്ള ഒരു അപേക്ഷ ഫയൽ ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്. *1974-ലെ 2*

*അപ്പലേറ്റ് ട്രിബ്യൂണലിന്റെ രൂപീകരണം.*

15. (1) സംസ്ഥാനസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ട്രിബ്യൂണലിന്റെ ഉത്തരവിനെതിരായുള്ള അപ്പീൽ കേൾക്കുന്നതിന് ഓരോ ജില്ലയ്ക്കുംവേണ്ടി ഒരു അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിക്കാവുന്നതാണ്.

(2) ജില്ലാ മജിസ്ട്രേട്ടിന്റെ പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

*അപ്പീലുകൾ.*

16. (1) ട്രിബ്യൂണലിന്റെ ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും മുതിർന്നപൗരനോ അല്ലെങ്കിൽ മാതാവിനോ പിതാവിനോ, അതതുസംഗതി പോലെ, ഉത്തരവിന്റെ തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ അപ്പലേറ്റ് ട്രിബ്യൂണലിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ അപ്പീലിന്മേൽ, അങ്ങനെയുള്ള സംരക്ഷണ ഉത്തരവ് പ്രകാരം ഏതെങ്കിലും തുക കൊടുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള കുട്ടികളോ ബന്ധുവോ അപ്രകാരം ഉത്തരവായിട്ടുള്ള തുക അങ്ങനെയുള്ള മാതാവിനോ പിതാവിനോ അപ്പലേറ്റ് ട്രിബ്യൂണലിനാൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ കൊടുക്കുന്നത് തുടരേണ്ടതാണ്:

എന്നുമാത്രമല്ല യഥാസമയം അപ്പീൽ ബോധിപ്പിക്കുന്നതിൽ നിന്നും അപ്പീൽവാദി മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് അതിന് ബോദ്ധ്യമാകുകയാണെങ്കിൽ, അപ്പലേറ്റ് ട്രിബ്യൂണലിന്, മേൽപറഞ്ഞ അറുപത് ദിവസക്കാലയളവ് കഴിഞ്ഞതിന് ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) ഒരു അപ്പീൽ സ്വീകരിക്കുന്നതിന്മേൽ അപ്പലേറ്റ് ട്രിബ്യൂണൽ എതിർകക്ഷിക്ക് ഒരു നോട്ടീസ് നടത്തേണ്ടതാണ്.

(3) ഏത് ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെയാണോ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളത്, അതിന്റെ നടപടിക്രമങ്ങളുടെ രേഖകൾ അപ്പലേറ്റ് ട്രിബ്യൂണലിന് വിളിച്ചു വരുത്താവുന്നതാണ്.

(4) അപ്പലേറ്റ് ട്രിബ്യൂണലിന്, അപ്പീലും വിളിച്ചുവരുത്തിയ രേഖകളും പരിശോധിച്ചതിന് ശേഷം അപ്പീൽ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(5) അപ്പലേറ്റ് ട്രിബ്യൂണൽ, ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ഫയൽ ചെയ്തിട്ടുള്ള അപ്പീൽ ന്യായവിചാരണ ചെയ്യേണ്ടതും അതിന്മേൽ തീരുമാനമെടുക്കേണ്ടതും അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉത്തരവ് അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ ഇരുകക്ഷികൾക്കും നേരിട്ടോ അല്ലെങ്കിൽ മുറപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു പ്രതിനിധി മുഖേനയോ പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ യാതൊരു അപ്പീലും നിരസിക്കുവാൻ പാടുള്ളതല്ല.

(6) അപ്പലേറ്റ് ട്രിബ്യൂണൽ ഒരു അപ്പീൽ സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ അതിന്റെ ലിഖിതമായ ഉത്തരവ് പ്രസ്താവിക്കുവാൻ ഉദ്യമിക്കേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഓരോ ഉത്തരവിന്റെയും ഒരു പകർപ്പ് ഇരുകക്ഷികൾക്കും സൗജന്യമായി അയച്ചുകൊടുക്കേണ്ടതാണ്.

17. ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ മുമ്പാകെയുള്ള ഒരു നടപടിയിലെ യാതൊരു കക്ഷിയും ഒരു അഭിഭാഷകൻ മുഖേന പ്രതിനിധാനം ചെയ്യപ്പെടുവാൻ പാടുള്ളതല്ല. *നിയമപരമായി പ്രതിനിധാനം ചെയ്യുന്നതിനുള്ള അവകാശം.*

18. (1) സംസ്ഥാന സർക്കാർ ജില്ലാ സാമൂഹ്യക്ഷേമ ആഫീസറെയോ അല്ലെങ്കിൽ ഒരു ജില്ലാ സാമൂഹ്യക്ഷേമ ആഫീസറുടെ പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെയോ, എന്തുപേരിൽ വിളിക്കപ്പെട്ടാലും, മെയിന്റനൻസ് ആഫീസറായി പദവിനിർദ്ദേശം ചെയ്യേണ്ടതാണ്. *മെയിന്റനൻസ് ആഫീസർ.*

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മെയിന്റനൻസ് ആഫീസർ, ട്രിബ്യൂണലിന്റെയോ, അപ്പലേറ്റ് ട്രിബ്യൂണലിന്റെയോ, അതതു സംഗതിപോലെ, നടപടികളുടെ വേളയിൽ, ഒരു മാതാവിനെയോ, പിതാവിനെയോ അവർ അപ്രകാരം ആഗ്രഹിക്കുകയാണെങ്കിൽ പ്രതിനിധാനം ചെയ്യേണ്ടതാണ്.

## അദ്ധ്യായം III

## വാർദ്ധക്യകാലഗൃഹങ്ങൾ സ്ഥാപിക്കൽ

19. (1) സംസ്ഥാന സർക്കാരിന്, പ്രാപ്യമായ സ്ഥലങ്ങളിൽ അതിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള എണ്ണം വാർദ്ധക്യകാലഗൃഹങ്ങൾ, തുടക്കത്തിൽ ഏറ്റവും കുറഞ്ഞത് ഓരോ ജില്ലയിലും ഒന്ന് വീതം, അങ്ങനെയുള്ള ഗൃഹങ്ങളിൽ കുറഞ്ഞത് നൂറ്റിഅൻപത് അഗതികളായ മുതിർന്ന പൗരൻമാർക്ക് താമസസൗകര്യം നൽകുന്നതിനുവേണ്ടി, ഘട്ടംഘട്ടമായ രീതിയിൽ സ്ഥാപിക്കാവുന്നതും നടത്തിപ്പോരാവുന്നതുമാണ്. *വാർദ്ധക്യകാല ഗൃഹങ്ങൾ സ്ഥാപിക്കൽ.*

(2) സംസ്ഥാനസർക്കാരിന് അങ്ങനെയുള്ള ഗൃഹങ്ങളിലെ അന്തേവാസികളുടെ വൈദ്യപരിരക്ഷയ്ക്കും വിനോദോപാധികൾക്കും ആവശ്യമായ നിലവാരങ്ങളും അവ നൽകേണ്ട വിവിധ തരങ്ങളിലുള്ള സേവനങ്ങളും ഉൾപ്പെടെ, വാർദ്ധക്യകാല ഗൃഹങ്ങളുടെ നടത്തിപ്പിനു വേണ്ടിയുള്ള ഒരു പദ്ധതി നിർണ്ണയിക്കാവുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "അഗതി" എന്നാൽ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നപ്രകാരം സ്വയം സംരക്ഷിക്കുവാൻ മതിയായ മാർഗ്ഗങ്ങളില്ലാത്ത ഏതെങ്കിലും മുതിർന്ന പൗരൻ എന്നർത്ഥമാകുന്നു.

## അദ്ധ്യായം IV

## മുതിർന്ന പൗരൻമാരുടെ വൈദ്യപരിരക്ഷയ്ക്കുള്ള വ്യവസ്ഥകൾ

20. സംസ്ഥാനസർക്കാർ,— *മുതിർന്ന പൗരനുള്ള വൈദ്യസഹായം.*

(i) സർക്കാർ ആശുപത്രികൾ അല്ലെങ്കിൽ സർക്കാരിനാൽ പൂർണ്ണമായോ ഭാഗികമായോ ധനസഹായം നൽകുന്ന ആശുപത്രികൾ, കഴിയുന്നിടത്തോളം എല്ലാ മുതിർന്ന പൗരൻമാർക്കും കിടക്കകൾ നൽകുന്നുണ്ടെന്നും ;

(ii) മുതിർന്ന പൗരൻമാർക്ക് പ്രത്യേക ക്യൂകൾ ഏർപ്പാടാക്കുന്നുണ്ടെന്നും ;

(iii) മുതിർന്ന പൗരൻമാർക്ക് വിട്ടുമാറാത്തതും മാരകമായതും വഷളായിക്കൊണ്ടിരിക്കുന്നതുമായ രോഗങ്ങളുടെ ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ വിപുലമാക്കുന്നുണ്ടെന്നും ;

(iv) വിട്ടുമാറാത്ത വാർദ്ധക്യസഹജമായ അസുഖങ്ങൾക്കും വാർദ്ധക്യമായിക്കൊണ്ടിരിക്കുന്ന പ്രക്രിയയ്ക്കും വേണ്ടിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ വിപുലമാക്കുന്നുണ്ടെന്നും ;

(v) വാർദ്ധക്യസഹജമായ രോഗങ്ങൾ ഉള്ളവരുടെ പരിരക്ഷയിൽ അനുഭവജ്ഞാനമുള്ള ഒരു് മെഡിക്കൽ ആഫീസർ യഥാവിധി തലവനായി, ഓരോ ജില്ലാ ആശുപത്രിയിലും വാർദ്ധക്യസഹജമായ രോഗങ്ങൾ ഉള്ളവർക്കായി നീക്കിവച്ചിട്ടുള്ള സൗകര്യങ്ങൾ ഉണ്ടെന്നും ,

ഉറപ്പ് വരുത്തേണ്ടതാണ്.

അദ്ധ്യായം V

## മുതിർന്ന പൗരന്റെ ജീവനും സ്വത്തിനുമുള്ള സംരക്ഷണം

*മുതിർന്ന പൗരന്റെ ക്ഷേമത്തിനായുള്ള പ്രചരണം, ബോധവൽക്കരണം, മുതലായവയ്ക്കു വേണ്ടിയുള്ള നടപടികൾ.*

21. സംസ്ഥാനസർക്കാർ,—

(i) ടെലിവിഷനും റേഡിയോയും അച്ചടിയും ഉൾപ്പെടെയുള്ള പൊതുമാദ്ധ്യമങ്ങൾ മുഖേന ക്രമമായ ഇടവേളകളിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിപുലമായ പ്രചരണം നൽകുന്നുണ്ടെന്നും ;

(ii) പോലീസ് ഉദ്യോഗസ്ഥരും ജുഡീഷ്യൽ സർവ്വീസിലെ അംഗങ്ങളും ഉൾപ്പെടെയുള്ള കേന്ദ്രസർക്കാരിലെയും സംസ്ഥാന സർക്കാരിലെയും ഉദ്യോഗസ്ഥർക്ക് ഈ ആക്റ്റുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ആനുകാലികമായ സംവേദനക്ഷമതയും ബോധവൽക്കരണ പരിശീലനവും നൽകുന്നുണ്ടെന്നും ;

(iii) മുതിർന്ന പൗരൻമാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബോധന ചെയ്യുന്നതിന് നിയമവും ആഭ്യന്തരവും ആരോഗ്യവും ക്ഷേമവും കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട മന്ത്രാലയങ്ങളും വകുപ്പുകളും നൽകുന്ന സേവനങ്ങൾ തമ്മിലുള്ള ഫലപ്രദമായ ഏകീകരണവും അതിന്റെ ആനുകാലിക പുനരവലോകനവും നടത്തുന്നുണ്ടെന്നും,

ഉറപ്പാക്കുന്നതിന് എല്ലാ നടപടികളും എടുക്കേണ്ടതാണ്.

*ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിലേക്കായി വിനിർദ്ദേശിക്കാവുന്ന അധികാരസ്ഥാനങ്ങൾ.*

22. (1) സംസ്ഥാനസർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ യഥോചിതം നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തുന്നതിനായി, ഒരു ജില്ലാ മജിസ്ട്രേട്ടിന് ആവശ്യമാകാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ നൽകാവുന്നതും അങ്ങനെയുള്ള കർത്തവ്യങ്ങൾ അനുഷ്ഠിപ്പിക്കാവുന്നതും അപ്രകാരം നൽകപ്പെട്ടതോ അനുഷ്ഠിപ്പിക്കപ്പെട്ടതോ ആയ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ അധികാരങ്ങൾ പ്രയോഗിക്കേണ്ടതും എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടതുമായ അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനെയും, നിർണ്ണയിക്കപ്പെടാവുന്ന ഏതു പ്രാദേശിക പരിധികൾക്കുള്ളിലാണ് അങ്ങനെയുള്ള അധികാരങ്ങളോ കർത്തവ്യങ്ങളോ ആ ഉദ്യോഗസ്ഥനാൽ നിർവ്വഹിക്കപ്പെടേണ്ടതെന്നും, ജില്ലാ മജിസ്ട്രേട്ടിന് വിനിർദ്ദേശിക്കാവുന്നതാണ്.

(2) സംസ്ഥാന സർക്കാർ, മുതിർന്ന പൗരൻമാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുവേണ്ട ഒരു സമഗ്രകർമ്മ പദ്ധതി നിർണ്ണയിക്കേണ്ടതാണ്.

23. (1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം ഏതെങ്കിലും മുതിർന്ന പൗരൻ, കൈമാറ്റം ചെയ്യുന്ന ആളിന് അടിസ്ഥാന സുഖസൗകര്യങ്ങളും അടിസ്ഥാന ഭൗതികാവശ്യങ്ങളും കൈമാറ്റം കിട്ടിയ ആൾ നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അയാളുടെ വസ്തു ഇഷ്ടദാനമായോ അല്ലെങ്കിൽ മറ്റു വിധത്തിലോ കൈമാറ്റം ചെയ്യുകയും അങ്ങനെയുള്ള കൈമാറ്റം കിട്ടിയ ആൾ അങ്ങനെയുള്ള സുഖസൗകര്യങ്ങളും ഭൗതികാവശ്യങ്ങളും നിരസിക്കുകയോ അല്ലെങ്കിൽ നൽകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നിടത്ത്, പ്രസ്തുത വസ്തുകൈമാറ്റം വഞ്ചനയാലോ ബലാൽക്കാരത്താലോ അനുചിതമായ സ്വാധീനത്താലോ നടത്തിയതായി കരുതപ്പെടേണ്ടതും കൈമാറ്റം ചെയ്യുന്ന ആളിന്റെ ഇഷ്ടാനുസരണം ട്രിബ്യൂണലിനാൽ അസാധുവായി പ്രഖ്യാപിക്കേണ്ടതുമാണ്.

*ചില സാഹചര്യങ്ങളിൽ വസ്തു കൈമാറ്റം അസാധുവായിത്തീരുമെന്ന്.*

(2) ഏതെങ്കിലും മുതിർന്ന പൗരന് ഒരു എസ്റ്റേറ്റിൽ നിന്ന് സംരക്ഷണം ലഭിക്കാനുള്ള അവകാശം ഉണ്ടായിരിക്കുകയും അങ്ങനെയുള്ള എസ്റ്റേറ്റോ അതിന്റെ ഭാഗമോ കൈമാറ്റം ചെയ്യുകയും ചെയ്യുന്നിടത്ത്, കൈമാറ്റം കിട്ടിയ ആളിന് അവകാശത്തെപ്പറ്റി അറിവുണ്ടെങ്കിലോ കൈമാറ്റം സൗജന്യമായതാണെങ്കിലോ സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം കൈമാറ്റം കിട്ടിയ ആളിനെതിരെ നടപ്പാക്കാവുന്നതാണ്; എന്നാൽ പ്രതിഫലത്തോടുകൂടിയതും അവകാശത്തെക്കുറിച്ച് അറിവില്ലാത്തതുമായ കൈമാറ്റം കിട്ടിയ ആളിനെതിരെ നടപ്പാക്കാൻ പാടില്ലാത്തതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള അവകാശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു മുതിർന്ന പൗരന് പ്രാപ്തിയില്ലെങ്കിൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സംഘടനയ്ക്ക് അദ്ദേഹത്തിനുവേണ്ടി നടപടിയെടുക്കാവുന്നതാണ്.

## അദ്ധ്യായം VI

## കുറ്റങ്ങളും വിചാരണയ്ക്കുള്ള നടപടിക്രമവും

24. മുതിർന്ന പൗരനെ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ അങ്ങനെയുള്ള മുതിർന്ന പൗരനെ ഏതെങ്കിലും സ്ഥലത്ത് വിട്ടിട്ടുപോകുന്ന അങ്ങനെയുള്ള മുതിർന്ന പൗരന്റെ പരിരക്ഷയോ സംരക്ഷണമോ ഉള്ള ഏതൊരാളും, മൂന്നുമാസം വരെയാകാവുന്ന കാലയളവിലേക്കുള്ള രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ അയ്യായിരം രൂപ വരെ ആകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*മുതിർന്ന പൗരനെ അരക്ഷിതാവസ്ഥയിലാക്കലും ഉപേക്ഷിക്കലും.*

25. (1) ക്രിമിനൽ നടപടി നിയമസംഹിത 1973-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻകീഴിലുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം അനുവദിക്കാവുന്നതുമാണ്.

*കുറ്റങ്ങൾ നടപടിയ്ക്ക് എടുക്കൽ.*

*1974-ലെ 2*

(2) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു മജിസ്ട്രേട്ടിനാൽ സമ്മറിയായി വിചാരണ ചെയ്യേണ്ടതാണ്.

## അദ്ധ്യായം VII

## പലവക

*ഉദ്യോഗസ്ഥർ പബ്ളിക് സർവ്വന്റുമാരായിരിക്കുമെന്ന്.*
*1860-ലെ 45*

26. ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിയമിക്കപ്പെടുന്ന ഓരോ ഉദ്യോഗസ്ഥനും അല്ലെങ്കിൽ സ്റ്റാഫും ഇൻഡ്യൻ ശിക്ഷാനിയമസംഹിതയുടെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിലെ ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

*സിവിൽ കോടതിയുടെ അധികാരിത വിലക്കപ്പെട്ടിരിക്കുന്നു.*

27. ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ബാധകമാകുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് യാതൊരു സിവിൽ കോടതിയ്ക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും ഈ ആക്റ്റിനാലോ അത് പ്രകാരമോ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് യാതൊരു ഇൻജങ്ഷനും ഏതെങ്കിലും സിവിൽ കോടതിയാൽ അനുവദിക്കുവാൻ പാടില്ലാത്തതുമാണ്.

*ഉത്തമ വിശ്വാസത്തോടു കൂടി എടുത്ത നടപടിക്കുള്ള സംരക്ഷണം.*

28. ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കോ ഉത്തരവുകൾക്കോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്ര സർക്കാരിനോ സംസ്ഥാനസർക്കാരിനോ തദ്ദേശ അധികാരസ്ഥാനത്തിനോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

*വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.*

29. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് എന്തെങ്കിലും വിഷമതകൾ ഉത്ഭവിക്കുന്നുവെങ്കിൽ, സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവു വഴി, ആ വിഷമതകൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

*നിർദ്ദേശങ്ങൾ നൽകുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം.*

30. കേന്ദ്ര സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

*പുനരവലോകനം ചെയ്യുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം.*

31. കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാരുകൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി ആനുകാലികമായി പുനരവലോകനം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യാവുന്നതാണ്.

*ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം.*

32. (1) സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അങ്ങനെയുള്ള ചട്ടങ്ങൾ—

(ക) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി 5-ാം വകുപ്പ് പ്രകാരം അന്വേഷണവിചാരണ നടത്തുന്ന രീതി ;

(ഖ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന്റെ അധികാരവും നടപടിക്രമവും;

(ഗ) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ട്രിബ്യൂണലിനാൽ ഉത്തരവാക്കപ്പെടാവുന്ന പരമാവധി സംരക്ഷണബത്ത ;

(ഘ) 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അങ്ങനെയുള്ള വാർദ്ധക്യകാലഗൃഹങ്ങളിലെ അന്തേവാസികൾക്കുള്ള വൈദ്യപരിരക്ഷയ്ക്കും വിനോദോപാധികൾക്കും ആവശ്യമായ നിലവാരങ്ങളും അവ നൽകേണ്ട വിവിധതരങ്ങളിലുള്ള സേവനങ്ങളും ഉൾപ്പെടെ വാർദ്ധക്യകാല ഗൃഹങ്ങളുടെ നടത്തിപ്പിന് വേണ്ടിയുള്ള പദ്ധതി;

(ങ) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ടിയുള്ള അധികാരസ്ഥാനങ്ങളുടെ അധികാരങ്ങളും കർത്തവ്യങ്ങളും;

(ച) 22-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുവേണ്ടി ഒരു സമഗ്രമായ പ്രവർത്തനപദ്ധതി ;

(ഛ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയം,

എന്നിവയ്ക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം ആകുന്നത്ര വേഗം സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന് രണ്ടു സഭകൾ ഉള്ളിടത്ത് ഓരോ സഭയുടെയും മുമ്പാകെയും അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിന് ഒരു സഭ ഉള്ളിടത്ത് ആ സഭയുടെ മുമ്പാകെയും വയ്ക്കേണ്ടതാണ്.

# THE MAINTENANCE AND WELFARE OF PARENTS AND SENIOR CITIZENS ACT, 2007

(Act No. 56 of 2007)

# മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007

(2007-ലെ 56-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | |
|---|---|---|
| 1. Accessible places | പ്രാപ്യമായ സ്ഥലങ്ങൾ | Sn. 19 (1) |
| 2. Ageing | വാർദ്ധക്യമായിക്കൊണ്ടിരിക്കുന്ന പ്രക്രിയ | Sn. 20 (iv) |
| 3. Business | പ്രവൃത്തി | Sn. 7 (3) |
| 4. Degenerative | വഷളായിക്കൊണ്ടിരിക്കുന്ന | Sn. 20 (iii) |
| 5. Exposure | അരക്ഷിതാവസ്ഥയിലാക്കൽ | Sn. 24 (marginal heading) |
| 6. Geriatric care | വാർദ്ധക്യസഹജമായ രോഗങ്ങളുള്ളവരുടെ പരിരക്ഷ | Sn. 20 (v) |
| 7. Geriatric patients | വാർദ്ധക്യസഹജമായ രോഗങ്ങളുള്ളവർ | Sn. 20 (v) |
| 8. Impose duty | കർത്തവ്യം അനുഷ്ഠിപ്പിക്കുക | Sn. 22 (1) |
| 9. Instrument | കരണം | Sn. 3 |
| 10. Levy | വസൂലാക്കൽ | Sn. 5 (8) |
| 11. Parent | മാതാവോ പിതാവോ | Sn. 2 (d) |
| 12. Tangible | മൂർത്തം | Sn. 2 (f) |
| 13. Terminal | മാരകമായ | Sn. 20 (iii) |